**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3555** **14-07-2022 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി.യിൽ ആശ്വാസ ധനസഹായം അനുവദിക്കുന്നത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ഉത്തരവ് (അച്ചടി) നം.126/2016/ധന. തീയതി 31.08.2016 പ്രകാരം ദേശീയ പെൻഷൻ പദ്ധതിയിൽ അംഗമായിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതുവരെ ആശ്വാസ ധനസഹായം ലഭ്യമാക്കുന്ന പദ്ധതി കെ.എസ്.ആർ.ടി.സി.യിൽ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ നാളിതുവരെ പ്രസ്തുത പദ്ധതി പ്രകാരം എത്രപേർക്ക് ആശ്വാസ ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | ദേശീയ പെൻഷൻ പദ്ധതിയിൽ അംഗമായിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതുവരെ ആശ്വാസ ധനസഹായം ലഭ്യമാക്കുന്ന പദ്ധതി കടുത്ത സാമ്പത്തിക പ്രതിസന്ധി നിമിത്തം കെ.എസ്.ആർ.ടി.സി.യിൽ ഇതുവരെയും നടപ്പിലാക്കിയിട്ടില്ല. ഇതിനാൽ തന്നെ ടി വകയിൽ ആർക്കുംതന്നെ നാളിതുവരെയും യാതൊരുവിധ ധനസഹായവും അനുവദിച്ചിട്ടുമില്ല. |
| (ബി) | എറണാകുളം കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ വനിതാകണ്ടക്ടറായി സേവനമനുഷ്ഠിച്ച വരവെ 18.08.2016-ന മരണപ്പെട്ട ശ്രീമതി. ഡോമി ബിയർളിയുടെ മൈനറായ കുഞ്ഞുങ്ങൾക്ക് ആശ്വാസ ധനസാഹായം ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് നൽകാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ; പ്രസ്തുത ആശ്വാസ ധനസഹായം എന്നത്തേക്ക് കുട്ടികൾക്ക് നൽകാൻ സാധിക്കും എന്നറിയിക്കാമോ; | (ബി) | ദേശീയ പെൻഷൻ പദ്ധതിയിൽ അംഗമായിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതുവരെ നൽകുന്ന ആശ്വാസ ധനസഹായം എറണാകുളം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ വനിതാ കണ്ടക്ടറായി സേവനം അനുഷ്ഠിച്ചുവരവെ 18/8/2016-ന് മരണപ്പെട്ട ശ്രീമതി ഡോമി ബിയർളിയുടെ കുഞ്ഞുങ്ങൾക്ക് ലഭ്യമാക്കിയിട്ടില്ല. കടുത്ത സാമ്പത്തിക പ്രതിസന്ധി നിമിത്തം ടി പദ്ധതി നാളിതുവരെയും കോർപ്പറേഷനിൽ നടപ്പിലാക്കാത്തതിനാലാണ് പ്രസ്തുത ആശ്വാസ ധനസഹായം വിതരണം ചെയ്യാൻ സാധിക്കാത്തത്. |
| (സി) | കെ.എസ്.ആർ.ടി.സി.യിൽ ആശ്വാസ ധനസഹായം പദ്ധതി നാളിതുവരെ നടപ്പിലാക്കിയിട്ടില്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതി അടിയന്തരമായി നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുമോ? | (സി) | കടുത്ത സാമ്പത്തിക പ്രതിസന്ധി നിമിത്തമാണ് ടി പദ്ധതി നാളിതുവരെയും കോർപ്പറേഷനിൽ നടപ്പിലാക്കാൻ സാധിക്കാത്തത്. സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതനുസരിച്ച് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ